LIBRARY ARCHIVES,Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (കെ.എസ്.ഇ. ആർ.സി.) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വ്യവസ്ഥകൾക്ക് വിധേയമായി പുറപ്പെടുവിച്ചിട്ടുള്ള ഇന്ധന സർചാർജ് റെഗുലേഷൻ 2010-ന് വിധേയമായി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.) 2014 ഏപ്രിൽ മുതൽ 2014 ജൂൺ വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽനിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ 32.39 കോടിരൂപ അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്.

ഈ തുക ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് 21-10-2014-ൽ കമ്മീഷൻ മുമ്പാകെ ബോർഡ് പെറ്റീഷൻ സമർപ്പിച്ചിരുന്നു. ഇതിന്മേൽ 8-1-2015-ലെ ഉത്തരവുപ്രകാരം തീർപ്പുകൽപ്പിക്കുകയും 32.05 കോടിരൂപ അധിക ബാദ്ധ്യതയായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക ഉടനടി ഇന്ധന സർചാർജ്ജായി ഈടാക്കുന്നതിന് കമ്മീഷൻ അംഗീകാരം നൽകിയിട്ടില്ല. എന്നാൽ ടി തുക വരുംവർഷങ്ങളിൽ കമ്മീഷൻ അംഗീകരിക്കുന്ന ഇന്ധന സർചാർജ്ജിനോടൊപ്പം ഈടാക്കുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

കൂടാതെ, 2014 ജൂൺ മുതൽ 2014 സെപ്റ്റംബർ വരെയുള്ള കാലയളവിലേയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് വിവിധ സ്രോതസ്സുകളിൽനിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധനവിലയിലുണ്ടായ അധിക ബാദ്ധ്യതയായ 34.95 കോടിരൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 25-11-2014-ൽ കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ഇതിന്മേൽ 13-5-2015-ൽ കമ്മീഷൻ പൊതുതെളിവെടുപ്പ് (Public Hearing) നടത്തിയെങ്കിലും അന്തിമ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

കടമക്കുടി കണ്ടനാട് കോരാമ്പാടം പ്രദേശങ്ങളിലെ വൈദ്യുത പ്രവൃത്തികൾ

49 (394) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രൂക്ഷമായ വൈദ്യുതിക്ഷാമം നേരിടുന്ന കടമക്കുടി കണ്ടനാട് ഭാഗത്ത് 350 മീറ്റർ സിംഗിൾ ഫെയ്സ്ലൈൻ, ത്രീ ഫെയ്സ് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) കോരാമ്പാടം കപ്പേളക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ തുക എത്രയെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തി 31-3-2015-ന് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 50,440.

(സി) കോരാമ്പാടം കപ്പേളയ്ക്കുസമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ഡി.ഡി.യു.ജി.ജെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ ത്രുപരേഖ നോഡൽ ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (REC) സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 5,16,750 ആണ്. ആർ.ഇ.സി.-യുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാവുന്നതാണ്.

ജലവൈദ്യുത പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി

50 (395) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ എത്ര ഭാഗമാണ് ജലവൈദ്യുത പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ജലവൈദ്യുത പദ്ധതികളുടെയും ഉല്പാദനവിഹിതം പ്രത്യേകം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2015 മെയ് മാസത്തിലെ കണക്കുപ്രകാരം 39.44 ശതമാനം വൈദ്യുതിയാണ് ജലവൈദ്യുത പദ്ധതികളിൽ (സ്വകാര്യ സംരംഭങ്ങൾ ഉൾപ്പെടെയുള്ള) നിന്നും ഉൽപ്പാദിപ്പിച്ചത്.

(ബി) ഓരോ ജലവൈദ്യുത പദ്ധതികളിൽനിന്നും 2015 മെയ് മാസത്തെ കണക്കുപ്രകാരം ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
875/17

LIBRARY ARCHIVES Kerala Legislative Assembly